# നമുക്ക തെരഞ്ഞെടുക്കാമോ ?

സി.ആർ.എൻ

ജീവനക്കാരുടെ സമരം അവസാനിച്ചു. ജയപരാജയങ്ങൾ സംബന്ധിച്ച തർക്കങ്ങൾക്കപ്പുറം ചോദിക്കപ്പെടേണ്ട ഒട്ടേറെ ചോദ്യങ്ങളുണ്ട്. ജീവനക്കാർ ജനങ്ങളോടുള്ള സമീപനത്തിൽ എന്തുമാറ്റം വരുത്തും? സുരക്ഷിതത്വബോധത്തോടെ നാളിതുവരെ പിന്തുടർന്നപോന്ന ജീവിതക്രമങ്ങളും (ആർഭാടജീവിതവും സുഖഭോഗവസ്തക്കളിലെ ആസക്തിയും) അതുവഴി പുത്തൻ സാമ്പത്തികനയങ്ങളെ പിന്തുണക്കന്നതും അവസാനിപ്പിക്കുമോ? സമരം തുടങ്ങിയ കാലത്തെ അന്തരീക്ഷമല്ല അവസാനിക്കുമ്പോൾ ഉണ്ടായിരുന്നത്. ലീവ് സറണ്ടറോ കമ്യൂട്ടേഷനോ പ്രൊട്ടക്ഷനോ അപ്പുറം ഈ നടപടികളുടെ അടിവേര് സാമ്രാജ്യത്വസാമ്പത്തികനയങ്ങളാണെന്ന് അവസാനഘട്ടത്തിലെങ്കിലും ചർച്ചക്ക വിഷയമായി. എഡിബി (ഏഷ്യൻ വികസന ബാങ്ക്) എന്ന മൂന്നക്ഷരം ഇപ്പോൾ പലരും ഉരുവിടാൻ തുടങ്ങിയിട്ടുണ്ട്.

സമരം തീർന്നതോടെ ജീവനക്കാരുടെ പ്രശ്നങ്ങൾ തീർന്നു. എന്നാൽ കേരളീയരുടെ പ്രശ്നങ്ങൾ പുറത്തുവന്നു തുടങ്ങിയിട്ടേയുള്ളൂ. പതിവുപോലെ എഡിബിയും വിദേശവായ്പകളും ഇടതു-വലതു മൂപ്പിളമത്തർക്കമാക്കി മാറ്റാനാണ് മാദ്ധ്യമങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 1997 മുതൽ തന്നെ ഈ വായ്പ നേടിയെടുക്കാൻ ഇടതുപക്ഷം ശ്രമിച്ചുകൊണ്ടിരുന്നു. തങ്ങൾ വിദേശവായ്പക്കെതിരല്ലെന്നും അതിന്റെ ചരടുകൾക്കാണെതിരെന്നും അവർ പറയുന്നത് ഒരു ഹാസ്യഡയലോഗ് ആയി മാത്രമേ നമുക്ക കണക്കാക്കാനാവൂ. പശ്ചിമബംഗാൾ സർക്കാരിന്റെ നടപടികൾ കൂടി പുറത്തുവന്നതോടെ എഡിബി സംബന്ധിച്ച് ഇടതുപക്ഷം നടത്തുന്ന സമരങ്ങൾ 'പ്രതിപക്ഷകടമ'യെന്ന ചടങ്ങു മാത്രമാകമെന്നു തീർച്ചയായി.

ഇടതുപക്ഷം തീരുമാനിച്ചതാണ് തങ്ങൾ നടപ്പാക്കുന്നതെന്ന് ഭരണപക്ഷം പറയുന്നതും അംഗീകരിക്കാനാകുമോ? കഴിഞ്ഞ സർക്കാരിന്റെ ദുഷ്ചെയ്തികൾ ഇല്ലാതെ ഭരിക്കുമെന്ന വാഗ്ദാനം ചെയ്തുകൊണ്ടും അതു ജനം വിശ്വസിച്ചതുകൊണ്ടുമാണല്ലോ അവരെ മാറ്റി ഇവരെ ഇരുത്തിയത്. അല്ലെങ്കിൽ ഭരണമാറ്റത്തിനെന്തു പ്രസക്തി? ഒരു പക്ഷെ രാഷ്ട്രീയതർക്കത്തിൽ ഭരണപക്ഷത്തിന് ഈ വാദം പ്രതിരോധായുധമായേക്കാം. എന്നാൽ ജനങ്ങളുടെ കാര്യമതാണോ? ഞങ്ങളെ പണയം വയ്ക്കാനോ വിൽക്കാനോ ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നാം ഇവർക്കധികാരം നൽകിയിരുന്നോ? സമരവുമായി ബന്ധപ്പെട്ടും നയപ്രഖ്യാപനത്തിലും ബജറ്റ് പ്രസംഗത്തിലും അല്ലാതെയും മന്ദബുദ്ധിയായ ഒരു കുട്ടിയുടെ വാശിയോടെയാണ് ധനമന്ത്രിയും കൂട്ടരും 'ഞങ്ങൾ വായ്പ വാങ്ങും' എന്നാവർത്തിക്കുന്നു. ആരാണിവരെ ഇതിനു ചുമതലപ്പെടുത്തിയത്? വായ്പക്കുവേണ്ടിയും അല്ലാതെയും സാമ്പത്തികപരിഷ്കാരങ്ങളെന്ന പേരിൽ പല ചിലവുചുരുക്കൽ നടപടികളും - സ്കൂളുകൾ പൂട്ടുക, ജീവനക്കാരെ കുറയ്ക്കുക, വൈദ്യുതിയടക്കമുള്ള പൊതുമേഖലാസ്ഥാപനങ്ങൾ മുറിച്ചും മുറിക്കാതെയും വിൽക്കുക തുടങ്ങിയവ-നടപ്പാക്കും എന്നും ഇവർ പറയുന്നു. ഏറ്റവുമൊടുവിൽ ഉപേക്ഷിച്ചുവെന്നു നാം കരുതിയ കുടിവെള്ളപദ്ധതി (ജപ്പാൻഫെയിം) കൂടി തിരിച്ചുവരുന്നുവത്രേ!

സംസ്ഥാനത്തിന്റെ പത്താം പദ്ധതിയുടെ ഒന്നാം വർഷത്തെ അടങ്കൽ 4025 കോടി രൂപയാണ്, അഞ്ചുവർഷത്തേക്ക് 24,000കോടിയും. "ഇന്നുവരേക്കുമുള്ള ഏറ്റവുമുയർന്ന വാർഷികപദ്ധതി തുകയാണിതെ"ന്ന് ആന്റണിയും മനോരമയും പറയുന്നു. മൂന്നു വർഷത്തെ മുരടിപ്പിനു ശേഷം സംസ്ഥാനം വികസനത്തിന്റെ പാതയിലേക്കു തിരിച്ചുവരുന്നുവെന്നും ഇവർ പറയുന്നു. ഓരോ വർഷവും വാർഷികപദ്ധതിതുക ഉയരുകയാണെന്നതിനാൽ 'ഏറ്റവുമുയർന്ന തുക'യെന്നത് എല്ലാവർഷവും പറയാവുന്ന ഒരു കാര്യമാണ്. (വ്യത്യാസമുണ്ടായത് ഇക്കഴിഞ്ഞ വർഷമാണ്. ഒമ്പതാംപദ്ധതിയിലെ ആദ്യത്തെ നാലുവർഷങ്ങളേക്കാൾ കറവായിരുന്നു കഴിഞ്ഞ വർഷമായ അഞ്ചാംവർഷം. ആദ്യം വകയിരുത്തിയ 3600 കോടിയിൽനിന്നും അടങ്കൽ 2600 കോടിയായി ചുരുക്കി. യഥാർത്ഥത്തിൽ എത്ര നടന്നുവെന്ന് പിന്നീടറിയാം.) എട്ടാം പദ്ധതിയിലെ തുക 7000 കോടിയായിരുന്നു. പത്താംപദ്ധതിയിൽ 16,000 കോടിയായി. (വർദ്ധനവ് 250 ശതമാനമായി.) 97ലെ വിലനിലവാരം വച്ചു കണക്കാക്കിയാൽ ഇത് 20,000 കോടി രൂപയാക്കണമെന്ന് കണക്കുകൾ പറയുന്നു. ആ അർത്ഥത്തിൽ പത്താം പദ്ധതിയുടെ 24,000 കോടിയെന്നത് വെറും 20 ശതമാനം വർദ്ധനവുമാത്രം. (വിലനിലവാരം ഇനിയും കൂടുമെന്നതിനാൽ വർദ്ധനവ് കുറയും.) ഇതൊരു പ്രധാന സൂചകമാണ്. സർക്കാർ പദ്ധതിച്ചിലവു കുറയ്ക്കുകയും പകരം വികസനപ്രവർത്തനങ്ങൾ സ്വകാര്യമൂലധനത്തിലൂടെയാക്കുകയും ചെയ്യുകയെന്ന പുതിയ നയമാണിത്.

വാർഷികപദ്ധതിയുടെ വലുപ്പം സംബന്ധിച്ച മാത്രമല്ല തട്ടിപ്പുള്ളത്. പദ്ധതിയടങ്കലിന്റെ ഘടന തന്നെ നോക്കുക. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വരുമാനത്തിന്റെ പങ്ക് കുറയുകയും വായ്പ കൂടുകയും ചെയ്തിരിക്കുന്നു. മുൻവർഷം കേന്ദ്രവിഹിതം 24.4 ശതമാനമായിരുന്നത് ഈ വർഷം 20 ശതമാനമായിക്കുറഞ്ഞു. എന്നാൽ വായ്പ കഴിഞ്ഞവർഷം 2ശതമാനം (80കോടി) മാത്രമായിരുന്നത് ഈ വർഷം 969 കോടി (24 ശതമാനം) ആയി വർദ്ധിച്ചു. സംസ്ഥാനവിഹിതവും കുറഞ്ഞിരിക്കുന്നു. സർക്കാരുകളുടെ വിഹിതം കുറയുകയെന്നതിനർത്ഥം നികുതി പിരിവ് കുറയുകയെന്നതാണ്. മുൻവർഷം (2000-01) പിരിച്ചതു വിൽപന നികുതിപോലും ഈ വർഷം (2001-02) പിരിക്കാനായിട്ടില്ല. ഇതിന് അഴിമതിയും കാര്യക്ഷമതക്കുറവുമൊക്കെ കാരണമായിരിക്കാമെങ്കിലും പ്രധാന കാരണമല്ല അതൊന്നും. മൊത്തം ദേശീയോൽപാദനവും (ജിഡിപി) നികുതിയും തമ്മിലുള്ള അനുപാതം (നികുതിയുടെ പങ്ക്) കുറയ്ക്കണമെന്നതാണ് പുത്തൻപരിഷ്കാരങ്ങളുടെ അടിസ്ഥാനം. ഈ വർഷം കേന്ദ്രസർക്കാർ ഇത് 10 ശതമാനത്തിൽ നിന്നും എട്ടു ശതമാനമാക്കി താഴ്ത്തിയിട്ടുമുണ്ട്. നികുതി കുറയ്ക്കുകയെന്നാൽ സാമ്പത്തികമേഖലയിലെ സർക്കാരിന്റെ സ്വാധീനം കുറയ്ക്കുകയെന്നതാണ്. പകരം ആ കടമകൾ സ്വകാര്യമേഖലയെ ഏൽപിച്ച് അവർ 'യൂസർഫീ'യെന്നോ 'ടോൾ' എന്നോ പേരുപറഞ്ഞ് ജനങ്ങളിൽനിന്നു പണം ഉപയോഗിക്കുന്നവരും ധനികരുമായവരിൽ നിന്നാണല്ലോ സർക്കാർ കൂടുതൽ നികുതി പിരിക്കുന്നത്. ഈ പണംകൊണ്ട് സർക്കാർ സൃഷ്ടിക്കുന്ന സേവനങ്ങളും സൗകര്യങ്ങളും (റോഡ്, പാലം, വൈദ്യുതി, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യസുരക്ഷ മുതലായവ) മുഴുവൻ ജനങ്ങൾക്കും കുറഞ്ഞ ചിലവിലോ സൗജന്യമായോ ലഭിക്കുമായിരുന്നു. എന്നാൽ നികുതി കുറച്ച് യൂസർഫീസാക്കുമ്പോൾ, ഈ സേവനം, അതു നൽകാൻ കഴിയുന്ന ധനികർക്കു മാത്രമായി പരിമിതപ്പെട്ടുത്തുകയാണ്. പാലവും റോഡും വൈദ്യുതിയും വിദ്യാഭ്യാസവും പോലെ ഇത് ദരിദ്രർക്ക് ഒഴിവാക്കാനാവാത്തവയാണെങ്കിൽ അവർക്ക് ജീവിതച്ചിലവു കൂടും. ദരിദ്രനു സംരക്ഷണം നൽകൽ അഥവാ ക്ഷേമരാഷ്ട്രം എന്ന സങ്കല്പത്തിൽനിന്നും സർക്കാർ പുറകോട്ട് പോകുകയാണ്. പഴയതും പുതിയതുമായ സർക്കാരുകൾ ഈ നയങ്ങൾ അംഗീകരിക്കുന്ന കടലാസുകളിൽ ഒപ്പിടാൻ തയ്യാറാണെന്നതാണ് നമ്മെ അലട്ടുന്ന പ്രശ്നം.

നമ്മൾ ജനങ്ങളോ? "പണം കുറച്ച് കൂടുതൽ നൽകിയാലെന്താ? മെച്ചപ്പെട്ട സൗകര്യങ്ങൾ അഥവാ ഉൽപന്നങ്ങൾ കിട്ടുമല്ലോ" എന്നു ചിന്തിക്കുന്ന മദ്ധ്യവർഗമാണ് വലിയൊരു വിഭാഗം. ഇങ്ങനെ ചിന്തിക്കുകയും പറയുകയും വഴി ഈ നയങ്ങളെ നാം അംഗീകരിക്കുകയാണ്. ഉദ്യോഗസ്ഥരടക്കമുള്ള മലയാളികൾ ഒരു ചതിയിൽ പ്പെട്ടിരിക്കുകയാണെന്നർത്ഥം. ഇതിന്റെ ദോഷഫലങ്ങൾ ഓരോ വിഭാഗങ്ങൾക്കും അനുഭവപ്പെട്ടമ്പോഴാണ് അവർ ഈ ചതി മനസ്സിലാക്കുന്നത്. ഉദ്യോഗസ്ഥസമരം നല്ലൊരുദാഹരണമാണ്.

ഈ 'ജനകീയസമ്മതി' ഇത്തരം നടപടികൾ സ്വീകരിക്കാൻ ഭരണാധികാരികൾക്കു ധൈര്യം നൽകുന്നു. ഇതിന്റെ അഴിമതി സാദ്ധ്യതകൾ (എഡിബിയുടെ 35 കോടിയും മറ്റും) ഉണ്ട്. എന്നാൽ അതിലും പ്രധാന പ്രശ്നം എന്തിനുവേണ്ടിയാണ് ഈ കടം വാങ്ങുന്നത് എന്നതാണ്. ഒമ്പതാം പദ്ധതിയിൽനിന്നും പത്താം പദ്ധതിയിലേക്കു വന്നപ്പോൾ ചില പ്രധാന മേഖലകളിലുള്ള പദ്ധതി വിഹിതത്തിന്റെ വർദ്ധനവ് ശ്രദ്ധേയമാണ്. ഐടിക്ക് 566 ശതമാനവും റോഡുകൾക്ക് 477 ശതമാനവും ടൂറിസത്തിന് 614 ശതമാനവും വർദ്ധനയുണ്ട്. മൊത്തം പദ്ധതി തുകയിലെ വർദ്ധനവ് 20 ശതമാനമാണെന്നു കൂടി വരുമ്പോൾ മറ്റു പല മേഖലകളിലും കുറവു വന്നിട്ടുണ്ട്. അത് കൃഷി, ഗ്രാമീണതൊഴിൽ തുടങ്ങിയ മേഖലകളിലാണ്. എന്നാൽ ഈ ഊന്നൽ മേഖലകൾ മലയാളികളിൽ ബഹുഭൂരിപക്ഷത്തിന്റേയും ജീവിതനിലവാരത്തിൽ എന്തു വർദ്ധനവുണ്ടാക്കുമെന്ന് നമുക്കു മനസ്സിലാകം. (വളരെ ചെറിയ ന്യൂനപക്ഷത്തിനുമാത്രം). ഈ ഊന്നലുകളിലും ഇടതു-വലതു താൽപര്യങ്ങൾ ഒന്നുതന്നെയാണെന്നതിനാൽ ഇവയ്ക്കായി വായ്പ വാങ്ങുന്നതിൽ അഭിപ്രായവ്യത്യാസമില്ല. നമുക്കിവിടെ ഒരു 'തെരഞ്ഞെടുപ്പിനു' സാദ്ധ്യതയുണ്ടോ? ഇല്ല. കഴിഞ്ഞ മെയ് മാസത്തിൽനടന്ന 'വാശിയേറിയ' തെരഞ്ഞെടുപ്പിൽ നാം തീരുമാനിച്ചത്, നമ്മെ ആർ വിൽക്കണമെന്നതാണ്. അഥവാ ആർ അതിന്റെ കമ്മീഷൻ വാങ്ങണം എന്നതാണ്. ഇക്കാര്യങ്ങൾ ഒരു മുന്നണിയും നമ്മോടു പറഞ്ഞിരുന്നില്ലെന്നതിനാൽ ഇക്കാര്യത്തിൽ ഒരു പുതിയ ജനവിധി തേടാൻ ഇവർ ബാദ്ധ്യസ്ഥരല്ലേ? നിയമസഭയിലെ നൂറ്റിനാല്പത് അംഗങ്ങൾ ഐക്യകണ്ഠേന തീരുമാനിച്ചാൽത്തന്നെ നമ്മളെ വിൽക്കാൻ കഴിയുമോ? പക്ഷെ ഇപ്പോഴും നാം തർക്കിക്കുന്നത് വിൽപന ശരിയാണോയെന്നതല്ല, ആർ വിറ്റു അഥവാ എന്തു വിലക്കു വിറ്റുവെന്നതാണ്. മറ്റൊന്നും നമുക്കു ചോദിക്കാനില്ലേ?